ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ

96 [2133] ശ്രീ. യു. സി. രാമൻ :
„ സി. മമ്മൂട്ടി:
„ കെ. എൻ. എ. ഖാദർ:
„ ഇസ്ഹാക് കുരിക്കൾ:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന് ഇപ്പോൾ എത്ര ബോട്ടുകളാണ് ഉള്ളത്; ഇവ എത്ര വർഷങ്ങളായി സർവ്വീസ് നടത്തുന്നുണ്ട്;

(ബി) ഈ ബോട്ടുകളുടെ പ്രവർത്തന ക്ഷമത കാലാകാലങ്ങളിൽ പരിശോധിക്കുന്നുണ്ടോ;

(സി) ഇവയിൽ സർവ്വീസ് നടത്താൻ പര്യാപ്തമല്ലാത്തതായി ഏതെങ്കിലും ഉണ്ടോ;

(ഡി) പുതിയ ബോട്ടുകൾ വാങ്ങി സർവ്വീസ് നടത്തുന്നതിന് പരിപാടിയുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ഇ) പുതിയ ബോട്ടുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നത് എവിടെനിന്നാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ജലഗതാഗത വകുപ്പിന് ആകെ ഉള്ള 84 ബോട്ടുകളിൽ 47 ബോട്ടുകൾ സർവ്വീസ് നടത്തുന്നു. ഇതിൽ 6 മാസം മുതൽ 25 കൊല്ലം വരെ പഴക്കമുള്ള ബോട്ടുകൾ ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഉണ്ട്. കാലപ്പഴക്കം ഉള്ള ബോട്ടുകൾ പിൻവലിച്ച് പുതിയ ബോട്ടുകൾ സർവ്വീസ് നടത്തുന്നതിന് ഉദ്ദേശമുണ്ട്. ആലപ്പുഴ മേഖലയിലും എറണാകുളം മേഖലയിലുമാണ് പുതിയ ബോട്ടുകളിറക്കാൻ ഉദ്ദേശമുള്ളത്.

(ഇ) പുതിയ ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള ഓർഡർ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ കൊച്ചിയിലുള്ള കേരളാ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനാണ് കൊടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly